## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5907** **8.7.2013-ൽ മറുപടിക്ക്**

**ചാലക്കുടി മുനിസിപ്പാലിറ്റിയിലെ മാലിന്യ പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | ചാലക്കുടി മുനിസിപ്പാലിറ്റിയിലെ രൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | ചാലക്കുടി നഗരസഭയിലെ നിലവിലെ ഖരമാലിന്യ പ്ലാന്റ് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട് എന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 42.945 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 20.4725 ലക്ഷം രൂപ സർക്കാർ സഹായമായും 23.03.2012- ന് കൈമാറുകയുണ്ടായി. ടി പദ്ധതിയുടെ നിർവ്വഹണത്തിനായി നഗരസഭ ദർഘാസ് ക്ഷണിച്ചെങ്കിലും ടി ടെണ്ടർ നടപടികൾ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല. |
| ബി) | ശാശ്വതമായി ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) | അതിലേക്കുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നുമാണ് സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ